# ലോത്തിന്റെ ജനത

● ഇ.സി സൈമൺ മാസ്റ്റർ

**ബൈബിളിലും** ഖുർആനിലും ധാരാളം പ്രതിപാദിക്കപ്പെട്ടിട്ടുള്ള പ്രവാചകനാണ് ലൂത്(ലോത്ത്). ഇബ്റാഹീം നബിയുടെ സഹോദരപുത്രനായിരുന്നു അദ്ദേഹം. രണ്ടു പ്രവാചകന്മാരും അവരുടെ കുടുംബാംഗങ്ങളുമൊന്നിച്ചാണ് ഫലസ്തീൻ പ്രദേശത്തേക്ക് പോന്നത്. വളരെയേറെ ആട് മാടുകളും മറ്റു സമ്പത്തും അവർക്കുണ്ടായിരുന്നു. തീറ്റപ്പുല്ലിനെ ച്ചൊല്ലി അവരുടെ ജോലിക്കാർ തമ്മിൽ തർക്കം പതിവായപ്പോൾ രണ്ടുപേരും കൂടുതൽ പുല്ല്ലഭ്യമാവുന്ന സ്ഥലങ്ങളിലേക്കു മാറിത്താമസിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് ലൂത്നബി ജലസമൃദ്ധിയുള്ള ജോർദാൻ സമതലവും ഇബ്റാഹീം നബി കാനാൻ ദേശവും തെരഞ്ഞെടുത്തു. ലൂത്തുനബി സോദോമിനടുത്തു കൂടാരമടിച്ചു താമസമായി. ദുഷ്ടന്മാരും മഹാപാപികളുമായിരുന്നു സോദോമിലെ ജനങ്ങൾ. ഇബ്റാഹീം നബി ഹെബ്രോണിൽ താമസമാക്കുകയും ദൈവത്തിന് ഒരു ബലിപീഠം നിർമിക്കുകയും ചെയ്തു. സോദോം–ഗൊമോറാ നിവാസികൾ സ്വവർഗരതിയിൽ കുപ്രസിദ്ധരായിരുന്നു. അവരെ ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യാൻ ദൈവം തീരുമാനിച്ചു. ആ സംഭവം ബൈബിളും ഖുർആനും വിവരിക്കുന്നുണ്ട് കാതലായ കാര്യങ്ങളിൽ വ്യത്യാസമില്ലാതെ; എങ്കിലും ഓരോന്നും അതിന്റേതായ പ്രത്യേകതകളോടെ.

ബൈബിൾ ഇങ്ങനെ:

“വെയിൽമൂത്ത സമയത്ത് അബ്രാഹം തന്റെ കൂടാരത്തിന്റെ വാതിൽക്കൽ ഇരിക്കുമ്പോൾ ദൈവം അദ്ദേഹത്തിനു പ്രത്യക്ഷനായി. മൂന്നാളുകൾ തനിക്കെതിരെ നിൽക്കുന്നതു കണ്ടു. അവരെക്കണ്ട് അവൻ കൂടാരവാതിൽക്കൽ നിന്നെഴുന്നേറ്റ് അവരെ എതിരേൽക്കാൻ ഓടിച്ചെന്ന്, നിലംപറ്റെ താണ് അവരെ വണങ്ങി. അവൻ പറഞ്ഞു: യജമാനനേ, അങ്ങ് എന്നിൽ സംപ്രീതനെങ്കിൽ അങ്ങയുടെ ദാസനെ കടന്നുപോകരുതേ! കാലുകഴുകാൻ കുറച്ചു വെള്ളം കൊണ്ടുവരട്ടെ. മരത്തണലിലിരുന്നു വിശ്രമിക്കുക. നിങ്ങൾ ഈ ദാസന്റെയടുക്കൽ വന്നുനിൽക്കൂ. ഞാൻ കുറെ അപ്പം കൊണ്ടുവരാം. വിശപ്പടക്കിയിട്ടു യാത്ര തുടരാം. നീ പറഞ്ഞതുപോലെ ചെയ്യുക എന്ന് അവർ പറഞ്ഞു. അബ്രാഹം പെട്ടെന്നു കൂടാരത്തിലെത്തി സാറായോടു പറഞ്ഞു: വേഗം മൂന്നിടങ്ങഴി മാവെടുത്ത് കുഴച്ച് അപ്പമുണ്ടാക്കുക. അവൻ ഓടിച്ചെന്ന് കാലിക്കൂട്ടത്തിൽനിന്ന് കൊഴുത്ത ഒരു ഇളം കാളക്കുട്ടിയെ പിടിച്ച് വേലക്കാരനെ ഏൽപിച്ചു. ഉടനെ അവൻ അതു പാകം ചെയ്യാൻ തുടങ്ങി. അബ്രാഹം വെണ്ണയും പാലും പാകം ചെയ്ത മൂരിയിറച്ചിയും അവരുടെ മുമ്പിൽ വിളമ്പി. അവർ ഭക്ഷിച്ചുകൊണ്ടിരിക്കെ അവൻ മരത്തണലിൽ അവരെ പരിചരിച്ചുകൊണ്ടുനിന്നു (ഉൽപത്തി 18:1–8).

അവർ അവിടെ നിന്നെഴുന്നേറ്റ് സോദോമിനു നേരെ തിരിച്ചു. വഴിയിലെത്തുന്നതുവരെ അബ്രാഹം അവരെ അനുയാത്ര ചെയ്തു. കർത്താവ് ആലോചിച്ചു: അബ്രാഹം മഹത്തും ശക്തവുമായ ഒരു ജനതയായിത്തീരുമെന്നും ഭൂമിയിലെ ജനപദങ്ങളെല്ലാം അവനിലൂടെ അനുഗ്രഹിക്കപ്പെടുമെന്നും അറിഞ്ഞിരിക്കേ, ഞാൻ ചെയ്യാൻ പോകുന്ന കാര്യം അവനിൽനിന്നു മറച്ചുവെക്കണമോ? ഞാൻ അവനെ തെരഞ്ഞെടുത്തിരിക്കുന്നത്, നീതിയും ന്യായവും പ്രവർത്തിച്ച കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ കൽപിക്കുന്നതിനും അങ്ങനെ കർത്താവ് അവനോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിനും വേണ്ടിയാണ്. കർത്താവു പറഞ്ഞു: സോദോമിനും ഗൊമോറാക്കുമെതിരെയുള്ള മുറവിളി വളരെ വലുതാണ്. അവരുടെ പാപം ഗുരുതരവുമാണ്. അതിനാൽ, അവരുടെ പ്രവൃത്തികൾ എന്റെ സന്നിധിയിലെത്തിയിട്ടുള്ള വിലാപങ്ങളെ സാധൂകരിക്കുന്നോ ഇല്ലയോ എന്നറിയാൻ ഞാൻ അവിടം വരെ പോകുകയാണ്.

അവർ അവിടെനിന്നു സോദോമിനു നേരേ നടന്നു. അബ്രാഹം അപ്പോഴും കർത്താവിന്റെ മുമ്പിൽത്തന്നെനിന്നു. അബ്രാഹം അവിടുത്തെ സമീപിച്ചു ചോദിച്ചു: ദുഷ്ടന്മാരോടൊപ്പം നീതിമാന്മാരെയും അങ്ങു നശിപ്പിക്കുമോ? നഗരത്തിൽ അൻപതു നീതിമാന്മാരുണ്ടെങ്കിൽ അങ്ങ് അതിനെ നശിപ്പിച്ചുകളയുമോ? അവരെ പ്രതി ആ സ്ഥലത്തെ ശിക്ഷയിൽനിന്നൊഴിവാക്കില്ലേ? ദുഷ്ടന്മാരോടൊപ്പം നീതിമാന്മാരെയും സംഹരിക്കുക. അത് അങ്ങിൽനിന്ന് ഉണ്ടാകാതിരിക്കട്ടെ. ദുഷ്ടന്മാരുടെ ഗതിതന്നെ നീതിമാന്മാർക്കും സംഭവിക്കാതിരിക്കട്ടെ. ഭൂമി മുഴുവന്റെയും വിധികർത്താവ് നീതി പ്രവർത്തിക്കാതിരിക്കുമോ? കർത്താവ് അരുളിച്ചെയ്തു: സോദോം നഗരത്തിൽ അമ്പതു നീതിമാന്മാരെ ഞാൻ കണ്ടെത്തുന്ന പക്ഷം അവരെ പ്രതി ഞാൻ ആ സ്ഥലത്തോടു മുഴുവൻ ക്ഷമിക്കും. അബ്രാഹം വീണ്ടും പറഞ്ഞു: പൊടിയും ചാരവുമായ ഞാൻ കർത്താവിനോടു സംസാരിക്കുവാൻ തുനിഞ്ഞല്ലോ. നീതിമാന്മാർ അമ്പതിന് അഞ്ച് കുറവാണെന്ന് വന്നാലോ? അഞ്ചു പേർ കുറഞ്ഞാൽ നഗരത്തെ മുഴുവൻ അങ്ങ് നശിപ്പിക്കുമോ? അവിടുന്നു പറഞ്ഞു: നാൽപത്തഞ്ചു പേരെ കണ്ടെത്തിയാൽ ഞാനതിനെ നശിപ്പിക്കുകയില്ല. അവൻ വീണ്ടും ചോദിച്ചു: നാൽപതു പേരേയുള്ളൂവെങ്കിലോ? അവിടുന്നു പ്രതിവചിച്ചു: ആ നാൽപ്പതു പേരെ പ്രതി നഗരം ഞാൻ നശിപ്പിക്കുകയില്ല. അവൻ പറഞ്ഞു: ഞാൻ വീണ്ടും സംസാരിക്കുന്നതുകൊണ്ട് കർത്താവ് കോപിക്കരുതേ! ഒരു പക്ഷേ മുപ്പതുപേരേയുള്ളൂവെങ്കിലോ? അവിടുന്ന് അരുളിചെയ്തു: മുപ്പതുപേരെ കണ്ടെത്തുന്നുവെങ്കിൽ ഞാനതു നശിപ്പിക്കുകയില്ല. അവൻ പറഞ്ഞു: കർത്താവിനോടു സംസാരിക്കാൻ ഞാൻ തുനിഞ്ഞല്ലോ. ഇരുപതുപേരേയുള്ളൂവെങ്കിലോ? അവിടുന്ന് അരുളിച്ചെയ്തു: ഇരുപതുപേരെ പ്രതി ഞാനതു നശിപ്പിക്കുകയില്ല. അവൻ പറഞ്ഞു: കർത്താവേ കോപിക്കരുതേ! ഒരു തവണകൂടി മാത്രം ഞാൻ സംസാരിക്കട്ടെ.

സോദോം-ഗൊമോറാ നിവാസികൾ സ്വവർഗരതിയിൽ കുപ്രസിദ്ധരായിരുന്നു. അവരെ ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യാൻ ദൈവം തീരുമാനിച്ചു. ആ സംഭവം ബൈബിളും ഖുർആനും വിവരിക്കുന്നുണ്ട് കാതലായ കാര്യങ്ങളിൽ വ്യത്യാസമില്ലാതെ; എങ്കിലും ഓരോന്നും അതിന്റേതായ പ്രത്യേകതകളോടെ.

പത്തുപേരേ അവിടെയുള്ളൂവെങ്കിലോ? അവിടുന്ന് അരുളിച്ചെയ്തു: ആ പത്തുപേരെ പ്രതി ഞാൻ അത് നശിപ്പിക്കുകയില്ല. അബ്രാഹത്തോടു സംസാരിച്ചു കഴിഞ്ഞപ്പോൾ കർത്താവ് അവിടെനിന്നു പോയി. അബ്രാഹവും സ്വന്തം സ്ഥലത്തേക്കു മടങ്ങി (ഉൽപത്തി 18:16-33).

വൈകുന്നേരമായപ്പോൾ ആ രണ്ടു ദൂതന്മാർ സോദോമിൽചെന്നു. നഗരവാതിൽക്കൽ ഇരിക്കുകയായിരുന്ന ലോത്ത് അവരെ താണുവണങ്ങി സ്വീകരിച്ചു. വീട്ടിലേക്കു ക്ഷണിച്ചു. അവന്റെ നിർബന്ധത്തിനു വഴങ്ങി അവർ വീട്ടിലേക്കു പോയി. അവൻ അവർക്കൊരു വിരുന്നു നൽകി. വിവരമറിഞ്ഞ് നഗരവാസികൾ വീടുവളഞ്ഞു. അവർ ആവശ്യപ്പെട്ടു: രാത്രി നിന്റെയടുത്തുവന്നവരെ ഞങ്ങൾക്കു വിട്ടുതരിക. ഞങ്ങൾക്ക് അവരുമായി രമിക്കണം. ലോത്ത് കതകടച്ച് അവരുടെ അടുത്ത് ചെന്ന് ഇത്തരം മ്ലേഛത കാട്ടരുതെന്നപേക്ഷിച്ചു. ഈ പുരുഷന്മാരെ ഒന്നും ചെയ്യരുത്. അവർ എന്റെ അതിഥികളാണ്. ലോത്തിന്റെ യാചന ജനം സ്വീകരിച്ചില്ല. അവർ വാതിൽ തല്ലിപ്പൊളിക്കാൻ ചെന്നു. പക്ഷേ, ലോത്തിന്റെ അതിഥികൾ അവനെ വലിച്ച് വീടിനുള്ളിലാക്കിയിട്ട് വാതിലടച്ചു. കുഴപ്പക്കാരെ അവർ അന്ധരാക്കി.

നേരം പുലർന്നപ്പോൾ ദൂതന്മാർ ലോത്തിനോടു പറഞ്ഞു: എഴുന്നേറ്റ് ഭാര്യയെയും പെൺമക്കളെയും കൂട്ടി വേഗം പുറപ്പെടുക. അല്ലെങ്കിൽ നഗരത്തോടൊപ്പം നിങ്ങളും നശിച്ചുപോകും. മടിച്ചുനിന്ന അവനെയും ഭാര്യയെയും മക്കളെയും കൈക്കു പിടിച്ച് നഗരത്തിനു പുറത്തു കൊണ്ടുപോയി വിട്ടു. അവരിൽ ഒരുവൻ പറഞ്ഞു: ജീവൻ വേണമെങ്കിൽ ഓടിപ്പോവുക. പിന്തിരിഞ്ഞുനോക്കരുത്. ലോത്ത് സോവാറിൽ എത്തിയപ്പോൾ സൂര്യൻ ഉദിച്ചുകഴിഞ്ഞിരുന്നു.

കർത്താവ് ആകാശത്തിൽനിന്ന് സോദോമിലും ഗൊമോറായിലും അഗ്നിയും ഗന്ധകവും വർഷിച്ചു. ആ പട്ടണങ്ങളെയും താഴ്വരകളെയും അവയിലെ നിവാസികളെയും സസ്യലതാദികളെയും അവിടുന്നു നാമാവശേഷമാക്കി. ലോത്തിന്റെ ഭാര്യ അവന്റെ പിറകേ വരുകയായിരുന്നു. അവൾ പിന്തിരിഞ്ഞു നോക്കിയതുകൊണ്ട് ഒരു ഉപ്പുതൂണായി ത്തീർന്നു. അബ്രാഹം അതിരാവിലെ എഴുന്നേറ്റ് താൻ കർത്താവിന്റെ മുമ്പിൽ നിന്ന സ്ഥലത്തേക്ക് ചെന്നു. അവൻ സോദോമിനും ഗൊമോറാക്കും താഴ്വരപ്രദേശങ്ങൾക്കും നേരെ നോക്കി. തീച്ചൂളയിൽ നിന്നെന്ന പോലെ ആ പ്രദേശത്തുനിന്നെല്ലാം പുക പൊങ്ങുന്നതു കണ്ടു. താഴ്വരയിലെ നഗരങ്ങൾ നശിപ്പിച്ചപ്പോൾ ദൈവം അബ്രാഹത്തെ ഓർത്തു. ലോത്ത് പാർത്തിരുന്ന ഈ നഗരങ്ങളെ നശിപ്പിച്ചപ്പോൾ അവിടുന്നു ലോത്തിനെ നാശത്തിൽനിന്നു രക്ഷിച്ചു (ഉൽപത്തി 19-ാം അധ്യായം 1 മുതൽ 29 വരെ വാക്യങ്ങളുടെ സംഗ്രഹം).

സോദോം ഗൊമോറാ പട്ടണങ്ങൾക്ക് അല്ലാഹു ഏൽപിച്ച ശിക്ഷ ഖുർആനിൽ ഇങ്ങനെ:

"നമ്മുടെ ദൂതന്മാർ ശുഭവൃത്താന്തവുമായി ഇബ്റാഹീമിനെ സമീപിച്ചു. അവർ പറഞ്ഞു: 'സലാം,' അദ്ദേഹം പറഞ്ഞു: 'സലാം,' ഒട്ടും വൈകാതെ അദ്ദേഹം വേവിച്ചു പാകം ചെയ്ത ഒരു കാളക്കുട്ടിയെ കൊണ്ടുവന്നു.

അവരുടെ കൈകൾ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന് അവരെ സംബന്ധിച്ച് സംശയമായി. അവരെപ്പറ്റി പേടിതോന്നുകയും ചെയ്തു. അവർ പറഞ്ഞു: പേടിക്കേണ്ട, ഞങ്ങൾ ലൂത്വിന്റെ ജനതയിലേക്ക് നിയോഗിക്കപ്പെട്ടവരാണ്" (11:69,70).

അങ്ങനെ ഇബ്റാഹീമിന്റെ പരിഭ്രമം വിട്ടുമാറുകയും ശുഭവാർത്ത വന്നെത്തുകയും ചെയ്തപ്പോൾ ലൂത്വിന്റെ ജനതയുടെ കാര്യത്തിൽ അദ്ദേഹം നമ്മോടു തർക്കിക്കാൻ തുടങ്ങി.

ഉറപ്പായും ഇബ്റാഹീം ക്ഷമാശീലനും ഏറെ ദയാലുവുമാണ്. സദാ പശ്ചാത്തപിക്കുന്നവനും.

ഇബ്റാഹീമേ; ഇതങ്ങുവിട്ടേക്കുക. നിശ്ചയമായും നിന്റെ നാഥന്റെ വിധി വന്നുകഴിഞ്ഞു. ആർക്കും തടുക്കാനാകാത്ത ശിക്ഷ അവർക്ക് വന്നെത്തുക തന്നെ ചെയ്യും.

നമ്മുടെ ദൂതന്മാർ ലൂത്വിന്റെ അടുത്തെത്തി. അവരുടെ വരവിൽ അദ്ദേഹം അതീവ ദുഃഖിതനായി. അവരെക്കുറിച്ചോർത്ത് അദ്ദേഹത്തിന്റെ മനസ്സ് നൊമ്പരംകൊണ്ടു. അദ്ദേഹം പറഞ്ഞു: ഇത് പ്രയാസകരമായ ദിനംതന്നെ.

ലൂത്വിന്റെ ജനത അദ്ദേഹത്തിന്റെയടുത്തേക്ക് ഓടിയടുത്തു. നേരത്തെ തന്നെ അവർ നീചവൃത്തികൾ ചെയ്യുന്നവരായിരുന്നു. ലൂത്വ് പറഞ്ഞു: 'എന്റെ ജനമേ, ഇതാ എന്റെ പെൺകുട്ടികൾ. ഇവരാണ് നിങ്ങൾക്ക് കൂടുതൽ വിശുദ്ധിയുള്ളവർ. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. എന്റെ അതിഥികളുടെ കാര്യത്തിൽ എന്നെ മാനക്കേടിലാക്കാതിരിക്കുക. നിങ്ങളിൽ വിവേകമുള്ള ഒരാളുമില്ലേ?' അവർ പറഞ്ഞു: 'നിന്റെ പെൺമക്കളെക്കൊണ്ട് ഞങ്ങൾക്കൊരു പ്രയോജനവുമില്ലെന്ന് നിനക്കുതന്നെ അറിയാമല്ലോ. ഞങ്ങളെന്താണാഗ്രഹിക്കുന്നതെന്നും നിനക്കറിയാം.'

ലൂത്വ് പറഞ്ഞു: 'നിങ്ങളെ നേരിടാൻ എനിക്കു കരുത്തുണ്ടായിരുന്നെങ്കിൽ! അല്ലെങ്കിൽ ശക്തമായ ഒരു താങ്ങ് എനിക്ക് അവലംബിക്കാനുണ്ടായിരുന്നെങ്കിൽ.'

മലക്കുകൾ പറഞ്ഞു: 'ലൂത്വേ, ഞങ്ങൾ നിന്റെ നാഥന്റെ ദൂതന്മാരാണ്. ഈ ആളുകൾക്കൊരിക്കലും നിന്നെ തൊടാനാവില്ല. അതിനാൽ രാവേറെക്കഴിഞ്ഞാൽ നീ നിന്റെ കുടുംബത്തെ കൂട്ടി പുറപ്പെടുക. നിങ്ങളിലാരും തിരിഞ്ഞു നോക്കരുത്. പക്ഷേ, നിന്റെ ഭാര്യ കൂടെ വരുന്നതല്ല. അക്കൂട്ടർക്കുള്ള ശിക്ഷ അവളെയും ബാധിക്കും. അവരുടെ നാശത്തിന്റെ നിശ്ചിത സമയം പ്രഭാതമാണ്. പ്രഭാതം അടുത്തുതന്നെയല്ലേ?

അങ്ങനെ നമ്മുടെ കൽപന വന്നെത്തി. നാം ആ നാടിനെ കീഴ്മേൽ മറിച്ചു. അട്ടിയട്ടിയായി ചൂളവെച്ച മൺകട്ടകൾ നാം ആ നാടിനുമേൽ വർഷിച്ചു.

ആ കട്ടകൾ നിന്റെ നാഥന്റെ അടുക്കൽ വെച്ച് അടയാളപ്പെടുത്തിയവയാണ്. ഈ ശിക്ഷയാവട്ടെ; അത് ഈ അതിക്രമികളിൽനിന്ന് ഒട്ടും വിദൂരമല്ല'' (11:74-83).

(തുടരും)